ഉത്തരം

അട്ടപ്പാടിയിലെ അഗളിയിൽ ഉള്ള ആദിവാസി വിദ്യാർത്ഥി ഹോസ്റ്റലുകളിൽ ടെലിവിഷൻ സ്ഥാപിച്ചിട്ടുണ്ട്.

ഹരിജൻ കോളനികളിൽ ടെലിവിഷൻ നൽകാൻ പദ്ധതി

726 [856] ശ്രീ. കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജൻ കോളനികളിൽ ടെലിവിഷൻ നൽകാനുള്ള എന്തെങ്കിലും പദ്ധതി ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയിൽ എത്ര കോളനികളിൽ ടെലിവിഷൻ സെറ്റ് നൽകി;

(സി) ഇനി ഈ വർഷം എത്ര ടെലിവിഷൻ സെറ്റ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 41.

(സി) പട്ടികജാതി വികസന വകുപ്പ് 20 സെറ്റുകൾ നൽകാൻ ഉദ്ദേശിക്കുന്നു. മറ്റുള്ള വകുപ്പുകൾക്ക് എത്ര സെറ്റുകൾ നൽകാൻ സാധിക്കുമെന്ന് തീർച്ചയാക്കിയിട്ടില്ല.

ഒ. ഇ. സി. യെ പട്ടികജാതി—പട്ടികവർഗ്ഗത്തിൽ പെടുത്തുന്ന നടപടി

727 [857] ശ്രീ. എ. വി. താമരാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒ. ഇ. സി. വിഭാഗത്തിൽപ്പെടുത്തിയിട്ടുള്ള സമുദായങ്ങളെ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) കോളേജ് പ്രവേശനത്തിന് പട്ടികജാതി—പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ഇല്ലാതെ വന്നാൽ ആ ഒഴിവുകളിൽ ഒ. ഇ. സി. വിഭാഗത്തിൽപ്പെട്ട കുട്ടികളെ പ്രവേശിപ്പിക്കുന്നതിനുള്ള ഉത്തരവ് വിദ്യാഭ്യാസ അധികൃതർക്ക് നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇപ്പോഴും പല കോളേജുകളിലും വ്യക്തമായ ഉത്തരവുകൾ ഇല്ലാത്തതിനാൽ ഇങ്ങനെ വരുന്ന ഒഴിവുകളിൽ ഒ. ഇ. സി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പ്രവേശനം ലഭിക്കുന്നില്ല എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly